LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം :

സ്പെഷ്യാലിറ്റി ഒ.പി. കെട്ടിടം - എം.എൽ.എ. ഫണ്ട്

പ്രാഥമികാരോഗ്യ കേന്ദ്രം, തച്ചനാട്ടുകര :

ഒ.പി. കെട്ടിടം - എം.എൽ.എ. ഫണ്ട്

ഹോമിയോപ്പതി :

ബാധകമല്ല.

ഡോക്ടർമാരുടെ ഒഴിവുകൾ

86(786) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ 545 ഒഴിവുകളാണുള്ളത്. ഇതിൽ 280 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി) അസിസ്റ്റന്റ് സർജൻ ഒഴിവുകൾ പി.എസ്.സി. റിസ്റ്റ് പ്രകാരമോ പി.ജി. റി-ജോയിനിംഗ് വഴിയോ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി സർവ്വീസിൽ പി.ജി. ബിരുദമുള്ള മെഡിക്കൽ ആഫീസർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത റാങ്ക് റിസ്റ്റ് തയ്യാറാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പെഷ്യാലിറ്റി കേഡറിലെ മറ്റ് തസ്തികകളിലെ ഒഴിവുകളും സിവിൽ സർജൻ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സ.ഉ (കൈ) നമ്പർ 110/2014/ആകവ തീയതി 26-3-2014, സ.ഉ. (കൈ) നമ്പർ 288/2014/ആകവ തീയതി 30-9-2014 എന്നിവ പ്രകാരം 2014 മാർച്ച് മുതൽ ആരോഗ്യ വകുപ്പിൽനിന്ന് വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം വീതം സർക്കാർ ദീർഘിപ്പിച്ചുനൽകിയിരുന്നു. 158503/എ 3/2015/ആകവ നമ്പർ ഫയലിൽ വീണ്ടും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം അത്കാലം വർദ്ധിപ്പിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഡോക്ടർമാരുടെ ഉപരിപഠനത്തിനുള്ള ലീവ്

87(787) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനത്തിനായി ലീവ് എടുത്ത് പോകുന്ന ഡോക്ടർമാർ തിരികെ സർവ്വീസ്സിൽ പ്രവേശിക്കുവാൻ വരുമ്പോൾ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ജോലിയിൽ പ്രവേശിപ്പിക്കാതെ നിറുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകളുണ്ട്, വ്യക്തമാക്കാമോ;

(സി) പല ആശുപത്രികളിലും ഡോക്ടർമാരില്ലാത്ത സാഹചര്യത്തിൽ ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

കിടത്തിച്ചികിത്സ പുനരാരംഭിക്കൽ

88(788) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കുന്ദമംഗലം പി.എച്ച്.സി. 24x7 പി.എച്ച്.സി.-യാണ്. 24x7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഓൺകോൾ സേവനത്തോടുകൂടിയ കിടത്തിച്ചികിത്സാ സൗകര്യമാണ് അനുവദിച്ചിട്ടുള്ളത്. ഓൺകോൾ സേവനത്തോടുകൂടിയ കിടത്തിച്ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly